നം.വൈ2/37000/18/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം തീയതി: 19.09.2018
ഫോൺ നം. 0471-2580506
ഇ-മെയിൽ- y2section@gmail.com

## പരിപത്രം

വിഷയം:- പൊ.വി. - 21-ാമത് സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോത്സവം -2018-19 - സംബന്ധിച്ച്.

സൂചന:-

21-ാമത് സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോത്സവം 2018 ഒക്ടോബർ 26, 27, 28 തീയതികളിൽ കൊല്ലം ജില്ലയിൽ വച്ച് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നിലവിലുള്ള സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോത്സവ മാന്വൽ പ്രകാരമാണ് ഈ വർഷവും മത്സരം നടത്തുന്നത്. മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള ജില്ലാതല സ്ക്രീനിംഗ് **12/10/2018** ന് മുമ്പായി പൂർത്തിയാക്കി പേരു വിവരങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ www.education.kerala.gov.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതാണ്. സ്കൂളുകൾക്ക് നേരിട്ട് ഓൺലൈൺ രജിസ്ട്രേഷൻ നടത്തുന്നതിനാവശ്യമായ User Name, Password എന്നിവ ഐറ്റി@സ്കൂൾ ജില്ലാ ആഫീസ് മുഖേന ലഭ്യമാകുന്നതാണ്. കലോത്സവത്തിൽ പങ്കെടുക്കേണ്ട മറ്റു വിഭാഗം മത്സരാർത്ഥികൾക്ക് മാന്വലിൽ നിഷ്കർഷിച്ചിരിക്കുന്ന തരത്തിൽ സംസ്ഥാനതലത്തിൽ പങ്കെടുക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ യഥാസമയം പൂർത്തിയാക്കേണ്ടതാണ്. ഇതു സംബന്ധിച്ചുള്ള അറിയിപ്പ് എല്ലാ സ്പെഷ്യൽ സ്കൂളുകൾക്കും, ജനറൽ സ്കൂൾ അധികൃതർക്കും അടിയന്തിരമായി നൽകുന്നതിനും കലോത്സവം കുറ്റമറ്റ രീതിയിൽ നടത്തുന്നതിനുമുള്ള നടപടികൾ വിദ്യാഭ്യാസ ആഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്.

ജിമ്മി കെ ജോസ്
**പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ**
**(അക്കാദമിക്)**

പകർപ്പ്:-

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
3. എല്ലാ സ്കൂൾ പ്രഥമാധ്യാപകർക്കും (വിദ്യാഭ്യാസ ആഫീസർമാർ മുഖേന)